25

# പതിനാലാം കേരള നിയമസഭ

## ബുള്ളറ്റിൻ - ഭാഗം 2

## 2017 മാർച്ച് 8, ബുധൻ

## പി.എൻ പണിക്കർ ഫൗണ്ടേഷന്റെ 'മൊബൈൽ സയൻസ് എക്സ്പ്ലോറേറ്ററി' പ്രദർശനം

നം. 172

വായനയുടെ മഹത്വം, സമ്പൂർണ്ണ ഇ-സാക്ഷരത, ശാസ്ത്രത്തിന്റെ ഗുണഫലങ്ങൾ, ഡിജിറ്റൽ ലൈബ്രറി, ക്യാഷ് ലെസ് സൊസൈറ്റി എന്നിവയുടെ സന്ദേശങ്ങൾ സാധാരണക്കാരിൽ എത്തിക്കുക എന്ന ഉദ്ദേശത്തോടെ കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രാലയത്തിന്റെ സഹകരണത്തിൽ പി.എൻ. പണിക്കർ ഫൗണ്ടേഷൻ തയ്യാറാക്കിയിട്ടുള്ള 'മൊബൈൽ സയൻസ് എക്സ്പ്ലോറേറ്ററി' എന്ന ശാസ്ത്ര പേടകത്തിന്റെ നിയമസഭാങ്കണത്തിലെ പ്രദർശനം 2017 മാർച്ച് 9-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് ബഹു. സ്പീക്കർ ഉദ്ഘാടനം ചെയ്യുന്നതാണ്. നിയമസഭാ മന്ദിരത്തിന്റെ കിഴക്ക വശത്തുള്ള സെറിമോണിയൽ സ്റ്റെപ്പുകൾക്ക് താഴെയായി നടക്കുന്ന പ്രസ്തുത പ്രദർശനത്തിന്റെ ഉദ്ഘാടന ചടങ്ങിലും തുടർന്ന് നടക്കുന്ന പ്രദർശനത്തിലും ബഹു. സാമാജികർക്ക് പങ്കെടുക്കാവുന്നതാണ് എന്നറിയിക്കുന്നു. പ്രദർശനം നടക്കുന്നതിനാൽ നിയമസഭാ മന്ദിരത്തിന്റെ കിഴക്ക് വശത്തുള്ള ബഹു. സാമാജികരുടെ വാഹന പാർക്കിംഗിൽ അന്നേ ദിവസം ആവശ്യമായ പുനഃക്രമീകരണങ്ങൾ നടത്തുന്നതാണെന്ന വിവരവും അറിയിക്കുന്നു.

വി.കെ. ബാബുപ്രകാശ്
സെക്രട്ടറി